District Programme Manager (NHM),
Near Govt. School of Nursing,
Court Road, Kanhangad, Kasaragod,
PIN -671315

# SHORT QUOTATION NOTICE

No. DPMSU-KSGD/352/OS/2025/DPMSU Dated: 23.01.2025

**ക്വട്ടേഷൻ നോട്ടീസ്**

ദേശീയ ആരോഗ്യ ദൗത്യം കാസറഗോഡ് ജില്ലാ ഓഫീസിനു കീഴിൽ ആരോഗ്യ കേരളം പുരസ്കാരവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ നടക്കുന്ന ഫീൽഡ് പ്രോഗ്രാമിലേക്ക് ടാക്സി/ടൂറിസ്റ്റ് പെർമിറ്റുള്ള (2018 നു ശേഷമുള്ള രജിസ്ട്രേഷൻ) 5സീറ്റ് AC വാഹനം 04 എണ്ണം ( Swift Dzire, Maruthi Suzuki Baleno, Honda Amaze, Tata Tigor , Tata Altroz and Toyota Etios) ദിവസ വേതനാടിസ്ഥാനത്തിൽ ആവശ്യമുണ്ട്.

മുദ്ര വെച്ച ക്വട്ടേഷനുകൾ 31.01.2025 തീയതി വൈകുന്നേരം 3 മണിക്ക് മുൻപായി മേൽ പറഞ്ഞ ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 നു തുറക്കുന്നതുമാണ്. വൈകി കിട്ടുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ ആരോഗ്യ കേരളം ഓഫീസിൽ നിന്ന് പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്. ഫോൺ നമ്പർ:0467-2209466 വെബ് സൈറ്റ്. www.arogyakeralam.gov.in.

| ക്ര നമ്പർ | വാഹനം ലഭ്യമാക്കേണ്ടത് | ബ്രാൻഡുകൾ | രജിസ്ട്രേഷൻ തീയതി | പരമാവധി അനുവദിക്കുന്നകിലോ മീറ്റർ ചാർജ്ജ് | വാഹന ങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | ആരോഗ്യ കേരളം പുരസ്കാരവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ നടക്കുന്ന ഫീൽഡ് പ്രോഗ്രാമിലേക്ക് | Swift Dzire, Maruthi Suzuki Baleno, Honda Amaze, Tata Tigor , Tata Altroz and Toyota Etios | 2018 ജനുവരി മുതൽ | Rs.20/- per kilometer maximum | 4എണ്ണം |

| | |
|---|---|
| ക്വട്ടേഷൻ ഫോറം ലഭിച്ചു തുടങ്ങുന്ന തീയ്യതി | 25.01.2025 രാവിലെ 10 മണിമുതൽ 5 മണി വരെ |
| ക്വട്ടേഷൻ ഫോറം സമർപ്പിക്കേണ്ടുന്ന അവസാന തീയ്യതി | 31.01.2025 ന് വൈകുന്നേരം 3.00 മണി |
| ക്വട്ടേഷൻ ഫോറം തുറക്കുന്ന തീയ്യതി സമയം | 31.01.2025 ന് 03.30 മണി |

കൂടുതൽ വിവരം ആരോഗ്യ കേരളം ഓഫീസിൽ നിന്ന് നേരിട്ടോ 0467 2209466 എന്ന ഫോൺ നമ്പറിലോ പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്. ക്വട്ടേഷൻ നടപടികൾ ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുവാനോ മാറ്റങ്ങൾ വരുത്തുവാനോ ഉള്ള അധികാരം ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മനേജരിൽ നിക്ഷിപ്തമായിരിക്കും.

Draft #4 of File DPMSU-KSGD/352/OS/2025/DPMSU Approved by District Program Manager on 23-Jan-2025 06:35 PM - Page 1

**Dr.Sachin Selv**
**District Program Manager**

Draft #4 of File DPMSU-KSGD/352/OS/2025/DPMSU Approved by District Program Manager on 23-Jan-2025 06:35 PM - Page 2

The document is digitally approved. Hence signature is not needed.

Draft #4 of File DPMSU-KSGD/352/OS/2025/DPMSU Approved by District Program Manager on 23-Jan-2025 06:35 PM - Page 3

<u>കരാർ വ്യവസ്ഥകൾ</u>

1.ക്വട്ടേഷൻ ഫോറം ആവശ്യമുള്ളവർ അപേക്ഷയും ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും സഹിതം ഓഫീസിൽ ഹാജരകേണ്ടതാണ്.

2.ക്വട്ടേഷനിലെ തുക വിവരം അക്കത്തിലും അക്ഷരത്തിലും തിരുത്തലുകൾ കൂടാതെ വ്യക്തമായി എഴുതിയിരിക്കണം. ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മെയിന്റനൻസ് ചെലവ്മുതലായവയടക്കം ഒരു കിലോ മീറ്ററിനു പ്രതീക്ഷിക്കുന്ന തുകയായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

3.ക്വട്ടേഷൻനോടൊപ്പം വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ്, ടാക്സ്, പെർമിറ്റ് തുടങ്ങി ആവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്.

4.വാഹനത്തിന്റെ ഡ്രൈവർമാരെ വാഹന ഉടമ നിയമിക്കണം. ഡ്രൈവർക്ക് കാലഹരണപ്പെടാത്ത ലൈസൻസ്, ബാഡ്ജ് എന്നിവ ഉണ്ടായിരിക്കണം.

5. വാഹനത്തിന്റെ ഡ്രൈവർക്ക് ഡ്രൈവിംഗിൽ നിപുണത ഉണ്ടെന്ന് ഉടമ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ നല്ല പെരുമാറ്റം കാഴ്ച വയ്ക്കേണ്ടതുമാണ്. ഡ്രൈവറുടെ ഭാഗത്തുനിന്നും എന്തെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായാൽ കരാർ റദ്ദുചെയ്യുന്നതാണ്.

6.പരമാവധി 3-4 ദിവസത്തെ ഫീൽഡ് ഇൻസ്പെക്ഷൻ ആയിരിക്കും ഉണ്ടാകുക.

7.കണ്ണൂർ ജില്ലയിലെ 10 പഞ്ചായത്തുകളിലാണ് ജില്ലാ ഇൻസെപ്ക്ഷൻ റ്റീം സന്ദർശിക്കേണ്ടത്.

8.ഡ്രൈവർക്കുള്ള ഒരു ദിവസത്തെ വൈറ്റിങ് ചർജ്ജ് പരമാവധി 500 രൂപയും ഡ്രൈവർക്കുള്ള താമസ സൗകര്യം ഭക്ഷണം എന്നിവ ഡ്യൂട്ടി സമയങ്ങളിൽ ലഭിക്കുന്നതുമാണ് .

9.കരാറിൽ ഏർപ്പെടുന്ന വാഹനത്തിന്റെ ഡ്രൈവർ ഹാജരാകാതിരിക്കുകയോ അപകടത്തിൽ പെടുകയോ, വാഹനത്തിന് തകരാർ സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ അന്നേ ദിവസം തന്നെ കരാറുകാരന്റെ ചിലവിൽ അതേ തരത്തിലുള്ള മറ്റൊരു വാഹനം തരപ്പെടുത്തി നൽകേണ്ടതാണ്.

10.വാഹനം ടെണ്ടർ നോട്ടീസിൽ പറഞ്ഞ പ്രകാരം ഓടേണ്ടതാണ്.

11.ടാക്സ്, ഇന്ധനം, ഇൻഷുറൻസ്, മെയിന്റനൻസ് മുതലായ എല്ലാചെലവുകളും വാഹന ഉടമ വഹിക്കേണ്ടതാണ്.

12.യാത്രാവേളയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഉൾപ്പെടെ എല്ലാ കഷ്ടനഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം വാഹന ഉടമയ്ക്കായിരിക്കും.

13. ബില്ലിനൊപ്പം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും വിശദമായ ട്രിപ്പ് ഷീറ്റ് എന്നിവ
നൽകേണ്ടതാണ്. അഡ്വാൻസ് തുക ലഭിക്കുന്നതല്ല.

14.വർക്ക് ഓർഡറിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ വാഹനം സജ്ജമാക്കേണ്ടതാണ്.

15.ക്വട്ടേഷൻ തുറക്കാൻ തീരുമാനിച്ച ദിവസം പൊതു അവധി ദിനമായി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ക്വട്ടേഷൻ തുറക്കുന്നതാണ്.

16.നിലവിലുള്ള ഈ ക്വട്ടേഷൻലെ ഏതൊരു വ്യവസ്ഥയും മുന്നറിയിപ്പ് കൂടാതെ ഉൾപ്പെടുത്തുന്നതിനും റദ്ദ് ചെയ്യുന്നതുനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

17.ഈ കാര്യാലയവുമായി ബന്ധപ്പെട്ട് കരാർ നിബന്ധകൾ പാലിക്കാതെ ഒഴിവാക്കിയ വാഹനങ്ങൾക്ക് ഈ ടെണ്ടറിൽ പങ്കെടുക്കുവാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല

പകർപ്പ്:

1.നോട്ടീസ് ബോർഡ് : ആരോഗ്യകേരളം, കാസറഗോഡ്

2. :ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)

3. :സിവിൽ സ്റ്റേഷൻ, കാസറഗോഡ്

4. : ആർ ടി ഒ, കാഞ്ഞങ്ങാട്, കാസറഗോഡ്

5.ആരോഗ്യകേരളം വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്.

Draft #4 of File DPMSU-KSGD/352/OS/2025/DPMSU Approved by District Program Manager on 23-Jan-2025 06:35 PM - Page 4